കേരളകൗമുദി
14 നവംബർ 2018 ബുധൻ
തിരുവനന്തപുരം

# കാറുകൾ ബൈക്കിലിടിച്ച് ഒരു മരണം

## ■ അപകടം ഇന്നലെ രാത്രി വെള്ളാറിൽ

കോവളം: ബൈപാസ്റോഡിലെ വെള്ളാറിൽ ഇന്നലെ രാത്രിയുണ്ടായ വാഹനാപകടത്തിൽ ഒരാൾ മരിച്ചു. അഞ്ച് പേർക്ക് പരിക്കേറ്റു.

ബൈക്ക് യാത്രക്കാരായ പൂന്തുറ സ്വദേശി ആർലെന്റാണ് (40) മരിച്ചത്. പരിക്കേറ്റ ആർലെന്റിന്റെ ഭാര്യ ഐഡയേയും (35) കുഞ്ഞിനെയും മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തിൽപ്പെട്ട സ്വിഫ്ട് കാറിലുണ്ടായിരുന്ന പുഞ്ചക്കരി സ്വദേശി നിക്സൻ, മണക്കാട് സ്വദേശി ഹരീഷ് എന്നിവരേയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒരു കാറിൽ ഡ്രൈവർമാത്രമാണുണ്ടായിരുന്നത്. ഇയാൾ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു.



അപകടത്തെ തുടർന്ന് നിയന്ത്രണംവിട്ട് മറിഞ്ഞ സ്വിഫ്ട് കാർ പൊലീസ് പരിശോധിക്കുന്നു

ഇന്നലെ രാത്രി 9.30നായിരുന്നു അപകടം. വെള്ളാറിൽ റോഡ് നിർമ്മാണം നടക്കുന്നിടത്താണ് അപകടമുണ്ടായത്. ഇവിടെ വെളിച്ചവുമുണ്ടായിരുന്നില്ല. പിന്നിൽ നിന്ന് അമിത വേഗതയിലെത്തിയ കാറിടിച്ച് നിയന്ത്രണംവിട്ട മറ്റൊരു കാർ മുന്നിൽ പോകുകയായിരുന്ന ബൈക്കിലിടിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ ആർലെന്റ് സമീപത്തെ പൊന്തയിലേക്ക് തെറിച്ച് വീഴുകയായിരുന്നു. നാട്ടുകാരും പൊലീസും ഏറെ നേരം നടത്തിയ തെരച്ചിലിനൊടുവിലാണ് ഇയാളെ കണ്ടെത്തിയത്. എന്നാൽ അപ്പോഴേക്കും രക്തം വാർന്ന് മരിച്ചിരുന്നു. അപകടത്തിൽപ്പെട്ട കാറുകൾ നിയന്ത്രണം വിട്ട് തലകീഴായി മറിഞ്ഞ് റോഡിന്റെ വശങ്ങളിലേക്ക് തെറിച്ചുപോയി.

## എം.എസ്.എഫ് മാർച്ചിന് നേരെ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു

തിരുവനന്തപുരം: ബന്ധുനിയമനം നടത്തിയ മന്ത്രി കെ.ടി. ജലീൽ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് എം.എസ്.എഫ് സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്ക് മാർച്ച് നടത്തി.

ബാരിക്കേഡ് തള്ളിമാറ്റി വസതിയിലേക്ക് പ്രവേശിക്കാൻ ശ്രമിച്ച പ്രവർത്തകർക്ക് നേരെ പൊലീസ് ജലപീരങ്കി പ്രയോഗിക്കുകയും പ്രവർത്തകരെ അറസ്റ്റ് ചെയ്ത് നീക്കുകയും ചെയ്തു. സംസ്ഥാന പ്രസിഡന്റ് മിസ്ഹബ് കീഴരിയൂർ മാർച്ചിന് നേതൃത്വം നൽകി. മുസ്ലിംലീഗ് സംസ്ഥാന സെക്രട്ടറി ബീമാപള്ളി റഷീദ് പ്രതിഷേധ യോഗം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി എം.പി. നവാസ്, മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് ജമാൽ, ഫൈസൽ ചെറുകുന്നോൻ, ഹാശിം ബംബ്രാണി, തുടങ്ങിയവർ സംസാരിച്ചു.

# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

### നിഷ് ക്യാമ്പ് 16ന്

തിരുവനന്തപുരം: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) പൊതുജനങ്ങളെ ഉൾപ്പെടുത്തി നിഷ് ഇന്നൊവേഷൻ മോഡൽ ഇൻസ്പെയറിംഗ് സ്റ്റോറീസിന്റെ എട്ടാം പതിപ്പ് 16ന് നിഷ് കാമ്പസിൽ നടക്കും. രാവിലെ 9 മുതൽ 10 മണിവരെ നിഷ് മാരിഗോൾഡ് ആഡിറ്റോറിയത്തിലാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഗുരുതരമായ രോഗം ബാധിച്ച് കൈകാലുകൾ നഷ്ടപ്പെട്ടിട്ടും വെല്ലുവിളികളെ അതിജീവിച്ച് ജീവിക്കുന്ന ശാലിനി സരസ്വതിയാണ് അതിഥി. പൊതുജനങ്ങൾക്കും പ്രവേശനമുള്ള പരിപാടിയിൽ ഭിന്നശേഷിയുള്ളവരെ സേവിക്കാൻ ജീവിതം സമർപ്പിച്ച പ്രഗല്ഭരുടെ പ്രഭാഷണങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 3066629.

### കുഴിവിളാകത്ത് തമ്പുരാൻ ക്ഷേത്രം

തിരുവനന്തപുരം: കിഴക്കുംകര കുഴിവിളാകത്ത് തമ്പുരാൻ ക്ഷേത്രത്തിൽ 17 മുതൽ ഡിസംബർ 27 വരെ ക്ഷേത്ര മേൽശാന്തി സൗമിത്രന്റെ മുഖ്യകാർമ്മികത്വത്തിൽ മണ്ഡലമഹോത്സവ വിളക്കും പൂജയും 41-ാം ദിവസം വിളക്കും പൂജയും ഉണ്ടായിരിക്കുമെന്ന് സെക്രട്ടറി കെ.പി. ശൈലചന്ദ്രൻ അറിയിച്ചു. മണ്ഡലവിളക്കും പൂജയും നേർച്ചയായി നടത്താൻ താത്പര്യമുള്ളവർക്ക് മുൻകൂട്ടി ബുക്ക് ചെയ്യാം. ഫോൺ: 944243596, 9961043660.

### നവകേരള വികസന ജാഥയ്ക്ക് ഇന്ന് സമാപനം

തിരുവനന്തപുരം: കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 'സുസ്ഥിര കേരളം സുരക്ഷിത കേരളം' എന്ന മുദ്രാവാക്യമുയർത്തി നടത്തുന്ന നവകേരള വികസന ജാഥ ഇന്ന് ജില്ലയിൽ പര്യടനം നടത്തും. രാവിലെ 9ന് പാലോടാണ് ആദ്യ സ്വീകരണം. 10.30 നെടുമങ്ങാട്, 12ന് വെഞ്ഞാറമൂട് ടൗൺ, 3ന് വർക്കല മൈതാനം, 4.30ന് കഴക്കൂട്ടം എന്നീ സ്വീകരണങ്ങൾക്കുശേഷം വൈകിട്ട് ഗാന്ധിപാർക്കിൽ സമാപിക്കും. സമാപന സമ്മേളനം സംസ്ഥാന ആസൂത്രണബോർഡ് അംഗം ഡോ. ബി. ഇക്ബാൽ ഉദ്ഘാടനം ചെയ്യും.

### വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: അറ്റകുറ്റപ്പണി നടക്കുന്നതിനാൽ കഴക്കൂട്ടം വൈദ്യുതി സെക്ഷനിലെ കഴക്കൂട്ടം ജംഗ്ഷൻ മുതൽ വെട്ടുറോഡ് വരെയുള്ള ഭാഗങ്ങളിലും കാച്ചാണി വൈദ്യുതി സെക്ഷനിലെ പീപ്പിൾസ് നഗർ, കാച്ചാണി സ്കൂൾ എന്നീ പ്രദേശങ്ങളിലും പൂജപ്പുര സെക്ഷനിലെ ത്രിവിക്രമമംഗലം, തമലം, ലങ്ക എന്നീ ട്രാൻസ്ഫോർമറുകളുടെ പരിധിയിലുള്ള സ്ഥലങ്ങളിലും പൂന്തുറ സെക്ഷനിലെ പുൽത്തോട്ടം ട്രാൻസ്ഫോർമറിന്റെ കീഴിലുള്ള സ്ഥലങ്ങളിലും ഇന്ന് രാവിലെ 9മുതൽ വൈകിട്ട് 5വരെ വൈദ്യുതി മുടങ്ങും.

### മലങ്കര കാത്തലിക് അസോസിയേഷൻ ജില്ലാ വാർഷികം

തിരുവനന്തപുരം: മലങ്കര കാത്തലിക് അസോസിയേഷൻ ജില്ലാ വാർഷികവും, ആത്മീയ സംഗമവും 17ന് രാവിലെ 9.30ന് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ നടക്കും. കെ.മുരളീധരൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ അനുസ്മരണ പ്രഭാഷണം നടത്തും. സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവ് ഫാ.സി.സി.ജോണിനെ ആദരിക്കും. ഫാ.ജയിംസ് പുതുപ്പറമ്പിൽ, ഫാ. ജോളി കരിമ്പിൽ എന്നിവർ വിവിധ വിഷയങ്ങളിൽ സെമിനാറുകൾ നയിക്കും. ഫാ.മാത്യു പാറക്കൽ, ഫാ.ജോൺ പടിപ്പുരയ്ക്കൽ, ജെ.ക്രിസ്തുദാസ്, ജോൺ മാത്യു, സാലു പതാലിൽ, റോയി.എ.എസ്, പി.പി.വർഗീസ് തുടങ്ങിയവർ പങ്കെടുക്കും.

### തൊഴിൽ മേള

തിരുവനന്തപുരം: കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന് കീഴിലുള്ള പ്രധാനമന്ത്രി കൗശൽ വികാസ യോജനയുടെ ഭാഗമായി 17ന് രാവിലെ 6.30ന് പ്രാവച്ചമ്പലം പ്രധാനമന്ത്രി കൗശൽ കേന്ദ്രത്തിൽ തൊഴിൽമേള സംഘടിപ്പിക്കുന്നു. 18നും 35നും ഇടയിൽ പ്രായമുള്ള എസ്.എസ്.എൽ.സി മുതൽ പി.ജി വരെ യോഗ്യതയുള്ളവർക്ക് മേളയിൽ പങ്കെടുക്കാം. വിശദവിവരങ്ങൾക്ക് ഫോൺ: 7356553777, 73565222888

### മുടുമ്പിൽ ശാസ്താ ക്ഷേത്രം

തിരുവനന്തപുരം : മുടുമ്പിൽ ശാസ്താക്ഷേത്രത്തിൽ 14ന് രാവിലെ 7 മുതൽ ഏകാഹ നാരായണീയ യജ്ഞം നടത്തും. മുഖ്യാചാര്യൻ: കെ. ഹരിദാസ്ജി, യജ്ഞാചാര്യ എം.ബി. ശാന്തകുമാരി. 17ന് രാവിലെ 5ന് ഗണപതി ഹോമം, 6ന് നവകാഭിഷേകം, 8ന് മണ്ഡപൂജ ആരംഭം. 9.30ന് ശനീശ്വര പൂജ, ക്ഷേത്ര തന്ത്രി ശാസ്താമണി പോറ്റിയുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തും.

### സംഭാവന

തിരുവനന്തപുരം : ആനയറ കുടവൂർ കടക്കേൽവിളാകം വീട്ടിൽ വേണി ലോഹിത ദാസിന്റെ ചരമവാർഷികം പ്രമാണിച്ച് പുലയനാർകോട്ട ഗവൺമെന്റ് കെയർ ഹോമിലേക്ക് 2001 രൂപ സംഭാവന ചെയ്തു.

### പ്രാർത്ഥനാ ഗോപുരം ആരംഭിച്ചു

തിരുവനന്തപുരം: ജീസസ് വോയിസ് മിനിസ്ട്രീസിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രാർത്ഥനാ ഗോപുരം പട്ടം പ്ലാമൂട് ജംഗ്ഷനിൽ ആരംഭിച്ചു.

എല്ലാ ദിവസവും പ്രത്യേക പ്രാർത്ഥനയും കൗൺസലിംഗും വ്യാഴാഴ്ചകളിൽ സിസ്റ്റർ ജെസി അനിജോർജ് നേതൃത്വം നൽകുന്ന ലേഡീസ് മീറ്റിംഗുമുണ്ടായിരിക്കുമെന്ന് ജീസസ് വോയിസ് മിനിസ്ട്രീസ് പ്രസിഡന്റ് പാസ്റ്റർ അനി ജോർജ് അറിയിച്ചു.

### ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകോത്സവം

തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന സാഹിത്യ സാംസ്കാരിക പുസ്തകോത്സവം 'വിജ്ഞാന വസന്തം' വി.ജെ.ടി ഹാളിൽ മന്ത്രി കെ.ടി. ജലീൽ ഉദ്ഘാടനം ചെയ്തു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻ അദ്ധ്യക്ഷത വഹിച്ചു.

ഡോ. ആർ. രഘുനാഥൻ രചിച്ച മലയാള ഭാഷോൽപ്പത്തി : വിവരണാത്മക സൂചിക, സാഹിത്യപഠനരേഖകൾ, എസ്. രാമചന്ദ്രൻ നായരുടെ അധിനിവേശ കേരളത്തിലെ ഭൂപരിഷ്കരണവും സാമൂഹിക പരിവർത്തനവും എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്തു. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ഡോ. എസ്. ശ്രീദേവി, ഡോ. സി.ആർ. പ്രസാദ്, ഡോ. ഷിബു ശ്രീധർ, കെ.ആർ. സരിതകുമാരി തുടങ്ങിയവർ സംസാരിച്ചു. 21ന് നടക്കുന്ന സമാപന സമ്മേളനം മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും.

### ഉത്പന്ന പ്രദർശനം

തിരുവനന്തപുരം: നഗരസഭ ഹെൽത്ത് വിഭാഗം സ്കൂളുകളിൽ നടപ്പാക്കുന്ന ആരോഗ്യവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി പാഴ്‌വസ്തുക്കളിൽ നിന്നും ഉണ്ടാക്കുന്ന ഉത്പന്നങ്ങളുടെ പ്രദർശനം സംഘടിപ്പിച്ചു. ഹോളി ഏഞ്ചൽസിൽ അഞ്ചാംക്ലാസ് വിദ്യാർത്ഥികളാണ് പ്രദർശനം നടത്തിയത്. ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ. ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. പേപ്പർ, പ്ലാസ്റ്റിക്, ഗ്ലാസ് തുടങ്ങിയ വസ്തുക്കളിൽ നിന്നും നിർമ്മിച്ച ഉത്പന്നങ്ങളുടെ പ്രദർശനമാണ് നടന്നത്. മികച്ച ഉത്പന്നങ്ങൾ നിർമ്മിച്ച വിദ്യാർത്ഥിനികൾക്ക് നഗരസഭ ടൗൺ പ്ലാനിംഗ് കമ്മിറ്റി ചെയർമാൻ പാളയം രാജൻ സമ്മാനം നൽകി. നന്തൻകോട് ഹെൽത്ത് ഇൻസ്പെക്ടർ എസ്.എസ്. മിനു, സ്കൂൾ പ്രിൻസിപ്പൽ പ്രമീള, രാഖിരഘുനാഥ്, ദേവരാജൻ എന്നിവർ സംസാരിച്ചു.

## കേരളകൗമുദി ഓഫീസിലെത്തി അക്രമം: കൂടുതൽ പേർ അറസ്റ്റിലാകും

തിരുവനന്തപുരം: കേരളകൗമുദി ഓഫീസിലെത്തി അതിക്രമം കാണിക്കുകയും ജീവനക്കാരെ ഭീഷണിപ്പെടുത്തുകയും ചെയ്ത കേസിലെ മുഖ്യപ്രതി ജഗിൽ ചന്ദ്രനെ ഇന്നലെ പൂജപ്പുര ജയിലിലെത്തി പേട്ട പൊലീസ് അറസ്റ്റ് രേഖപ്പെടുത്തി.

കഞ്ചാവ് വിൽപനകേസുമായി ബന്ധപ്പെട്ട് ഇയാൾ 26 വരെ റിമാൻഡിലാണ്. കേരളകൗമുദി ആക്രമണ കേസിൽ കൂടുതൽ ചോദ്യം ചെയ്യാനും തെളിവെടുപ്പിനുമായി കസ്റ്റഡിയിൽ വിട്ടുകിട്ടുന്നതിന് ഇന്ന് കോടതിയിൽ അപേക്ഷ സമർപ്പിക്കുമെന്ന് പേട്ട എസ്.ഐ സജുകുമാർ അറിയിച്ചു.

ഇതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള അറിയിപ്പ് അഡി. പബ്ലിക് പ്രോസിക്യൂട്ടറിന് ഇന്നലെ കൈമാറി. പൂജപ്പുര ജയിലിൽ റിമാൻഡിൽ കഴിയുന്ന ഇയാൾക്കെതിരെ കേരളകൗമുദി അതിക്രമവുമായി ബന്ധപ്പെട്ട് പുതിയ കേസ് ചാർജ് ചെയ്ത് അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു.

ഇന്നലെ ജയിലിൽ വച്ചുള്ള ചോദ്യംചെയ്യലിൽ കൂടെയുണ്ടായിരുന്ന മൂന്ന് പേരെ കുറിച്ച് ജഗിൽ വെളിപ്പെടുത്തിയെന്നും ഇവരെ ഉടൻ കസ്റ്റഡിയിലെടുക്കുമെന്നും എസ്.ഐ അറിയിച്ചു. മെഡിക്കൽ കോളേജ് സ്കൂളിന് മുന്നിൽ കഞ്ചാവ് വിൽക്കാൻ ശ്രമിച്ച കേസിൽ അറസ്റ്റിലായ ജഗിൽചന്ദ്രന്റെ വാർത്ത പിൻവലിക്കണമെന്നാവശ്യപ്പെട്ടാണ് ഒരുസംഘം ആളുകൾ പത്രം ആഫീസിൽ അതിക്രമിച്ച് കയറുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തത്.

ശനിയാഴ്ച വൈകിട്ടാണ് ഇവർ കേരളകൗമുദി ആഫീസിലെത്തി അക്രമം നടത്തിയത്.



കഴക്കൂട്ടത്തെ കടയിൽ നിന്ന് പിടികൂടിയ നീർനായ

## കടയിൽ കയറിയ നീർനായ വാവ സുരേഷിന്റെ പിടിയിൽ

കഴക്കൂട്ടം: ഇലക്ട്രിക് കടയിൽ കയറിയ നീർനായയെ വാവ സുരേഷ് പിടികൂടി. ഇന്നലെ രാവിലെ പത്തരയോടെയാണ് കഴക്കൂട്ടം ബൈപാസിനടുത്തെ കടയിൽ നീർ നായ കയറിയത്. നീർ നായ കയറുന്നത് കണ്ട കടക്കാരൻ ഷട്ടർ അടച്ച ശേഷം പൊലീസിനെ അറിയിച്ചു. തുടർന്നാണ് വാവ സുരേഷിനെ വിളിച്ചത്. വൈകിട്ടോടെ പാലോട്ട് നിന്ന് വനം വകുപ്പ് ഉദ്യോഗസ്ഥരുമെത്തി മൂന്ന് മണിക്കൂർ പരിശ്രമിച്ചാണ് നീർനായയെ പിടികൂടിയത്. ആൺ വർഗത്തിൽപ്പെട്ട നീർനായയ്ക്ക് പത്ത് കിലോ ഭാരവും ആറ് വയസ് പ്രായമുണ്ടെന്ന് വനം വകുപ്പ് പറഞ്ഞു. മ്യൂസിയത്തിൽ നിന്നെത്തിച്ച കൂട്ടിലാണ് ഇതിനെ പാലോട് വനംവകുപ്പിന് കൈമാറിയത്. വാവ സുരേഷ് പിടികൂടുന്ന രണ്ടാമത്തെ നീർനായയാണിത്.



ശ്രീപദ്മനാഭ ക്ഷേത്രത്തിലെ അല്പശി ഉത്സവത്തോടനുബന്ധിച്ച് നടന്ന പള്ളിവേട്ടയിൽ മൂലം തിരുനാൾ രാമവർമ്മ വേട്ടക്കളത്തിൽ അമ്പ് എയ്യുന്നു ഫോട്ടോ: മനു മംഗലശ്ശേരി



പഴഞ്ചിറ ദേവീ ക്ഷേത്രത്തിലെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട വി. വിജയൻ

കൂടുതൽ പ്രാദേശിക വാർത്തകൾ
പേജ് 3 ,12,13

## പദ്മനാഭസ്വാമി ക്ഷേത്രത്തിൽ ഇന്ന് ആറാട്ട്

തിരുവനന്തപുരം: ശ്രീപദ്മനാഭ ക്ഷേത്രത്തിലെ അല്പശി ഉത്സവം ഇന്ന് ആറാട്ടോടെ ആചാരവിധികളനുസരിച്ച് പരിസമാപ്തിയാകും. വൈകിട്ട് അഞ്ചിന് ക്ഷേത്രത്തിന്റെ പടിഞ്ഞാറെനട വഴി പുറത്തേക്ക് എഴുന്നള്ളുന്ന ഭഗവാൻ ഘോഷയാത്രയായി പടിഞ്ഞാറെക്കോട്ട, ഈഞ്ചയ്ക്കൽ, വള്ളക്കടവ് വഴി എയർപോർട്ടിനകത്തുകൂടി ശംഖുമുഖം കടൽക്കരയിലെ ആറാട്ട് കടവിലെത്തും. തുടർന്ന് ആറാട്ട് ചടങ്ങുകൾക്ക് ശേഷം രാത്രി ഒമ്പതോടെ തിരിച്ചെഴുന്നള്ളും.

ആർമിയുടെയും പൊലീസിന്റെയും ഭരണാധികാരികളുടെയും രാജപ്രമുഖന്റെയും അകമ്പടിയോടെ എഴുന്നള്ളുന്ന ഭഗവാനെ ഭക്തരും വാണിജ്യവ്യാപാര സ്ഥാപനങ്ങളും കരക്കാരും ചേർന്ന് അലങ്കാരദീപങ്ങളോടെയും വാദ്യഘോഷങ്ങളോടെയും വണങ്ങും. ഇന്നലെ സുന്ദരവിലാസം പാലസിൽ പള്ളിവേട്ട മഹോത്സവം നടന്നു. രാത്രി 8.30ന് പള്ളിവേട്ടയ്ക്കായി ഭഗവാൻ പടിഞ്ഞാറെ ഗോപുരവാതിൽ വഴിയിറങ്ങി എഴുന്നള്ളി സുന്ദരവിലാസം കൊട്ടാരത്തിലേക്കും തിരിച്ച് പള്ളിവേട്ട കഴിഞ്ഞ് വടക്കേനട വഴി ക്ഷേത്രത്തിനകത്തേക്കും എഴുന്നള്ളി.

## ഭരണഘടനയെ സംരക്ഷിക്കാൻ അവർ ഒത്തുകൂടി

തിരുവനന്തപുരം: ഭരണഘടനയെ സംരക്ഷിക്കുന്നതിനായി സോഷ്യൽ മീഡിയ കൂട്ടായ്മ സംഘടിപ്പിച്ച 'വീ ദ പീപ്പിൾ' സംഗമം സെൻട്രൽ സ്റ്റേഡിയത്തെ ആവേശക്കടലാക്കി. കുട്ടികൾ മുതൽ മുതിർന്നവർ വരെ പങ്കെടുത്ത പരിപാടി ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. വൈകിട്ട് ഏഴ് വരെ നീണ്ട പരിപാടി ദീപപ്രതിജ്ഞയോടെ അവസാനിച്ചു.

രാവിലെ 10.30ന് മേയർ വി.കെ. പ്രശാന്ത് ഭരണഘടനാ സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തതോടെയാണ് പരിപാടികൾക്ക് തുടക്കമായത്. എല്ലാവരും മജന്ത നിറത്തിലുള്ള ടീ ഷർട്ടുകളും ഹെഡ്ബാൻഡും അണിഞ്ഞാണ് ചടങ്ങിനെത്തിയത്. കൈയിലുണ്ടായിരുന്ന മജന്ത നിറത്തിലുള്ള ബലൂണുകൾ ഉയർത്തിപ്പിടിച്ച് മേയർ ചൊല്ലിക്കൊടുത്ത പ്രതിജ്ഞ അവർ ഉച്ചത്തിൽ ഏറ്റുചൊല്ലി. ശബരിമലയിൽ പ്രായഭേദമെന്യേ സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ചതോടെ സ്ത്രീകളുടെ അന്തസും തുല്യതയും ഒരിക്കൽ കൂടി ഉറപ്പിക്കപ്പെട്ടിരിക്കുകയാണെന്ന് ചടങ്ങിൽ പങ്കെടുത്ത ഹിന്ദു മുൻ ചീഫ് എഡിറ്റർ എൻ. റാം പറഞ്ഞു. ഭരണഘടനയെ വികലമാക്കാൻ നടക്കുന്ന ശ്രമങ്ങൾ തിരിച്ചറിയണമെന്ന് പറഞ്ഞ അദ്ദേഹം കോടതി വിധി നടപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികളെ അഭിനന്ദിച്ചു. ശബരിമലയിൽ യുവതികൾ എത്തിയാൽ സംഘർഷം ഉണ്ടാകുമെന്ന് അറിയാമായിരുന്ന പൊലീസ് തികഞ്ഞ സംയമനത്തോടെയാണ് പ്രവർത്തിച്ചതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഭരണഘടനയ്ക്ക് നേരെ ഇതുവരെയുണ്ടായിട്ടില്ലാത്ത ആക്രമണമാണ് ഇപ്പോൾ നടക്കുന്നതെന്ന് ഷബ്നം ഹാഷ്മി പറഞ്ഞു. മൈത്രേയൻ, സാഹിത്യകാരൻ സക്കറിയ, ആദിവാസി ഗോത്ര മഹാസഭാ നേതാവ് സി.കെ. ജാനു, ഡോ. ബി. ഇക്ബാൽ, ചെറിയാൻ ഫിലിപ്പ്, ആർ.വി.ജി. മേനോൻ, ആർ. പാർവതി ദേവി, ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, നടൻ ജോബി, കെ.എൻ. ബാലഗോപാൽ, ഐക്യ മലയരയ മഹാസഭ സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. സജീവ്, പുന്നല ശ്രീകുമാർ തുടങ്ങി നിരവധി പേർ പങ്കെടുത്തു. ഊരാളി ബാൻഡ്, ഗ്രാവിറ്റി ബാൻഡ്, ആപ്പ് തിയേറ്ററിന്റെ നാടകം, ജയചന്ദ്രൻ കടമ്പനാട്ടും സംഘവും അവതരിപ്പിച്ച നാടൻ പാട്ടുകൾ, മാനവീയം ഗീതങ്ങൾ തുടങ്ങിയവയും അരങ്ങേറി.



ശബരിമല യുവതീ പ്രവേശന വിഷയത്തിൽ സുപ്രീംകോടതി പുനഃപരിശോധനാ ഹർജികൾ പരിഗണിക്കാൻ തീരുമാനിച്ചതിൽ ആഹ്ലാദം പ്രകടിപ്പിച്ച് വി. മുരളീധരൻ എം.പി പഴവങ്ങാടി ഗണപതി ക്ഷേത്രത്തിന് മുന്നിൽ ഭക്തർക്ക് പായസം നൽകുന്നു



ഭരണഘടന സംരക്ഷിക്കണമെന്ന മുദ്രാവാക്യമുയർത്തി സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന വീ ദി പീപ്പിൾ കൂട്ടായ്മയുടെ സമാപന ചടങ്ങിൽ മന്ത്രി കെ.കെ. ശൈലജ ഡെലിഗേറ്റ്സിനൊപ്പം മെഴുകുതിരി തെളിയിച്ചപ്പോൾ

## പ്രമേഹ ബാധിതരുടെ എണ്ണം കൂടുന്നു

### ഇന്ന് ലോക പ്രമേഹദിനം

◗ കോവളം സതീഷ്‌കുമാർ

തിരുവനന്തപുരം: ഒരു ഡോക്ടർ സർക്കാർ സർവീസിൽ നിന്ന് വിരമിച്ചശേഷം എത്ര രോഗികളെ പരിശോധിക്കും? പല ഡോക്ടർമാരും കണക്കു സൂക്ഷിക്കാറില്ല.

എന്നാൽ ഡോ. കെ.പി. പൗലോസിന്റെ കൈയിൽ കണക്കുണ്ട് -21,000. അതിലേറെയും പ്രമേഹ രോഗികൾ. പ്രിൻസിപ്പൽ കൺസൾട്ടന്റ് ഇൻമെഡിസിൻ ആയി സേവനം അനുഷ്ഠിച്ചുവരവേ കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് വിരമിച്ച ഡോ. പൗലോസ് ഇപ്പോൾ തലസ്ഥാന നഗരത്തിലുണ്ട്, 83ന്റെ ചുറുചുറുക്കോടെ. ഓരോ വർഷം കഴിയുന്തോറും പ്രമേഹ രോഗികളുടെ എണ്ണം കൂടി വരികയാണെന്ന് ഡോ. പൗലോസ് പറയുന്നു. വീട്ടിൽ നിന്ന് ആഹാരം കഴിക്കുന്ന ശീലം മലയാളികളിൽ കുറഞ്ഞതാണ് പ്രധാന കാരണം. ഫാസ്റ്റ്ഫുഡിലും ഹോട്ടൽ ആഹാരത്തിലും കലോറി കൂടുതലാണ്. അത് ദുർമേദസ് അടിഞ്ഞു കൂടുന്നതിനും അധികം വൈകാതെ പ്രമേഹരോഗത്തിന് അടിപ്പെടുകയും ചെയ്യും. നഗരങ്ങളിലാണ് ഏറ്റവും കൂടുതൽ പേർ പ്രമേഹ രോഗികളായി മാറിക്കൊണ്ടിരിക്കുന്നത്. ഗ്രാമങ്ങളിൽ കുറച്ചുകാലം മുമ്പു വരെ പ്രമേഹ ബാധിതരുടെ എണ്ണം കുറവായിരുന്നു. എന്നാൽ നഗരവത്കരണം എല്ലായിടത്തും എത്തിയതോടെ അതും മാറിയെന്നും അദ്ദേഹം പറഞ്ഞു. ഇപ്പോൾ എസ്.യു.ടി ആശുപത്രിയിലെ ഡയബറ്റോളജിസ്റ്റ് ചീഫ് ഫിസിഷ്യനാണ് ഡോ. പൗലോസ്.



ഡോ. കെ.പി പൗലോസ്

### പ്രമേഹം 4 വിധം

1. ടെപ്പ് വൺ - കുട്ടികളെ ബാധിക്കുന്നത്
2. ടൈപ്പ് ടു - സാധാരണ എല്ലാവരിലും വരുന്നത്
3. ഗർഭിണികളെ ബാധിക്കുന്നത്
4. ചില മരുന്നുകളുടെ ഉപയോഗത്തെ തുടർന്നുണ്ടാകുന്നത്

### ഏറെ ഭയക്കണം ടൈപ്പ് വണ്ണിനെ

ഇത് ജനിതക കാരണം കൊണ്ടുണ്ടാകുന്ന രോഗമല്ല. ആർക്കൊക്കെ വരുമെന്ന് പ്രവചിക്കാനും സാദ്ധ്യമല്ല. ഇത് ബാധിക്കുന്ന കുട്ടികൾ മറ്റ് കുട്ടികളെ പോലെ കഴിയാൻ സാദ്ധ്യമല്ല. കൃത്യസമയത്ത് മരുന്ന് കഴിക്കേണ്ടി വരും. പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയില്ല. ഇത് കുട്ടികളിൽ മാനസിക സമ്മർദ്ദം കൂടുന്നതിനു കാരണമാകും.

### പ്രമേഹത്തെ അകറ്റാൻ

പുകവലി ഒഴിവാക്കണം
വ്യായാമം ശീലമാക്കണം
എന്തും വാരിവലിച്ചു കഴിക്കുന്ന ശീലം വേണ്ട, മിതത്വം പാലിക്കണം

KAUMUDI SPECIAL



സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ് ഇന്ദ്രൻസിനെ തിരക്കഥാകൃത്ത് കൃഷ്ണ പൂജപ്പുര പുരസ്കാരം നൽകി ആദരിക്കുന്നു

## സൗകര്യത്തിന് നിന്നതുകൊണ്ട് അവസരം കിട്ടി: ഇന്ദ്രൻസ്

തിരുവനന്തപുരം: എല്ലാവരുടെയും സൗകര്യത്തിന് അനുസരിച്ച് നിന്നതുകൊണ്ട് തനിക്ക് സിനിമയിൽ അവസരങ്ങൾ കിട്ടിയെന്ന് സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ് ഇന്ദ്രൻസ് പറഞ്ഞു. അൽപം ഉറങ്ങിപ്പോയാൽ മതി സിനിമയിൽ നിന്ന് ഔട്ടാകാനെന്നും അദ്ദേഹം പറഞ്ഞു. നർമ്മകൈരളിയുടെ പ്രതിമാസ പരിപാടിയിൽ ആദരം ഏറ്റുവാങ്ങി സംസാരിക്കുകയായിരുന്നു അദ്ദേഹം. അവാർഡ് കിട്ടിയ ശേഷം രാത്രി ഏത് പകൽ ഏത് എന്ന് തിരിച്ചറിയാനാകാത്ത സ്ഥിതിയായിരുന്നു. വിശപ്പും ദാഹവുമൊക്കെ എങ്ങോപോയി മറഞ്ഞുവെന്നും ഇന്ദ്രൻസ് പറഞ്ഞു. ചടങ്ങിൽ നർമ്മകൈരളിയുടെ 31-ാം വാർഷിക പതിപ്പ് എഴുത്തുകാരൻ സുദർശന് നൽകി ഇന്ദ്രൻസ് പ്രകാശനം ചെയ്തു. കൃഷ്ണ പൂജപ്പുര ഇന്ദ്രൻസിന് ഉപഹാരം സമ്മാനിച്ചു. കാർട്ടൂണിസ്റ്റ് സുകുമാർ സംസാരിച്ചു.